നൽകുകയും ചെയ്തു. അതിനെത്തുടർന്ന് ജീവനക്കാരുടെ പ്രതിനിധികളുമായി മേയ്മാസം 4,5 തീയതികളിൽ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പള കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ കൂടി ഏർപ്പെടുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം കിട്ടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥന്മാരും ഗവൺമെന്റും തമ്മിൽ കൂടിയാലോചിച്ചെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അവസാനമായി സ്വീകരിച്ച ചില നടപടികളെ സംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനോട് അഭിപ്രായം ചോദിച്ചിരുന്നു. പക്ഷെ ഇതെല്ലാം വെട്ടിക്കുറച്ചുവെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അറിവ് ശരിയല്ല. എന്തായാലും ധനകാര്യവകുപ്പിന്റെ അഭിപ്രായം കിട്ടിയിട്ട് 24.6.1999-ൽ കൂടുന്ന മന്ത്രിസഭായോഗം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(9) സഹകരണമേഖലയിലേയ്ക്കുള്ള നിയമനം പി.എസ്.സി.വഴി നടത്താൻ സാധിക്കാത്ത സാഹചര്യം

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളമുള്ള വളരെ ഗൗരവമായ പ്രശ്നമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലേയും, അപ്പെക്സ് സഹകരണ ബാങ്കുകളിലേയും നിയമനം ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പി.എസ്.സി.ക്ക് വിട്ടത്. ധാരാളം ആക്ഷേപങ്ങളും അഴിമതിയാരോപണങ്ങളും ഉണ്ടായതിന്റെ വെളിച്ചത്തിലാണ് നിയമനം പി.എസ്.സി.ക്കു വിടാനുള്ള വിപ്ലവകരമായ തീരുമാനം അന്നത്തെ ഗവൺമെന്റ് എടുത്തത്. എന്നാൽ നാലു വർഷങ്ങളായി ഈ നിയമനങ്ങൾ നടക്കാതെ പതിനായിരക്കണക്കിന് ഒഴിവുകൾ നിലനിൽക്കുകയാണ്. പിൻവാതിൽ നിയമനമാണ് ഇപ്പോൾ നടക്കുന്നത്. സഹകരണസ്ഥാപനങ്ങളിൽ ധാരാളം ഒഴിവുകളുണ്ടായിട്ടും കഴിഞ്ഞ മുന്നുമൂന്നര വർഷക്കാലമായി ഗവൺമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മ എന്നുള്ള ഒറ്റകാരണംകൊണ്ടുമാത്രം ഈ നിയമനങ്ങൾ നടക്കുന്നില്ല. സ്പെഷ്യൽ റൂൾസ് നൽകാൻ കാലതാമസം ഉണ്ടായതുകൊണ്ടാണ് കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി നിയമനങ്ങൾ നടക്കാത്തത്. ഏറ്റവുമൊടുവിൽ, ഞാൻ മനസ്സിലാക്കുന്നത്, സഹകരണ വകുപ്പുസെക്രട്ടറി പി.എസ്.സി.-ക്ക് നൽകിയിരിക്കുന്ന വിവാദപരമായ ഉത്തരവിനെ തുടർന്നാണ് ഈ നിയമനങ്ങൾ ഇപ്പോൾ പെന്റിംഗിലായി കിടക്കുന്നത് എന്നാണ്. കേരളത്തിലെ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവമായ പ്രശ്നമാണ് തൊഴിലില്ലായ്മ. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള അവസരങ്ങൾപോലും നഷ്ടപ്പെടുന്ന സാഹചര്യമാണ് സർക്കാരിന്റെ അനാസ്ഥമൂലം ഉണ്ടായിരിക്കുന്നത്. നാലുവർഷക്കാലമായി പെന്റിംഗിലായ ഈ തസ്തികകളിൽ നിയമനം നടത്തി കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വിവാദപരമായ ഉത്തരവിറക്കിയ സഹകരണവകുപ്പ് സെക്രട്ടറിയോട് വിശദീകരണം ചോദിക്കാനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) : സഹകരണ ആക്ടിലെ 80-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് സംസ്ഥാനത്തെ 15 അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലേയും 14 ജില്ലാ സഹകര

LIBRARY ARCHIVES Kerala Legislative Assembly

ണബാങ്കുകളിലേയും. നിയമനങ്ങൾ പി.എസ്.സി-ക്ക് വിടുകയുണ്ടായി. ഇതിന് 25.4.1995 മുതൽ പ്രാബല്യമുണ്ട്. നിയമത്തിൽ ഭേദഗതിവരുത്തിയെങ്കിലും നിയമനം നടത്തുന്നതിനാവശ്യമായ നടപടിക്രമങ്ങളുടെ ചട്ടങ്ങൾ തയ്യാറാക്കിയിരുന്നില്ല. നിയമനാധികാരി ബന്ധപ്പെട്ട സ്ഥാപനങ്ങളായതുകൊണ്ട് റിക്രൂട്ട്മെന്റ് ചട്ടങ്ങൾ അതാതു സ്ഥാപനങ്ങളായിരുന്നു തയ്യാറാക്കേണ്ടിയിരുന്നത്. പൊതുവായ റിക്രൂട്ട്മെന്റ് ചട്ടങ്ങളാണ് ജില്ലാബാങ്കുകൾക്ക് വേണ്ടിയിരുന്നത്. ആയതിനാൽ ഒരു മാതൃകാചട്ടം സഹകരണവകുപ്പ് തയ്യാറാക്കി ബാങ്കുകൾക്ക് നൽകുകയും ബാങ്കുകൾ അത് അംഗീകരിച്ച് പി.എസ്.സി.യെ അറിയിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ കമ്മിഷൻ ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ഒന്നാമതായി അഫിലിയേറ്റു ചെയ്ത പ്രൈമറി സംഘങ്ങളിലെ ജീവനക്കാർക്കുള്ള 50 ശതമാനം സംവരണം നടപ്പാക്കുന്നത് ശരിയല്ലായെന്ന് കമ്മിഷൻ പറയുകയുണ്ടായി. അതായത് ബാങ്കുകളിലെ നിയമനങ്ങളിൽ സഹകരണചട്ടമനുസരിച്ച് 50 ശതമാനം ജീവനക്കാർക്ക് നിലവിൽ സംവരണമുണ്ട്. അത് അവർ പി.എസ്.സി.യുടെ മുമ്പിൽ ഉന്നയിച്ചിരുന്നു. അത് പി.എസ്.സി. അംഗീകരിച്ചിരുന്നില്ല. 1.1.1974 മുതൽ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഈ ആനുകൂല്യം നിർത്തലാക്കണമെന്ന കമ്മിഷന്റെ നിർദ്ദേശം സർക്കാരിന് സ്വീകാര്യമല്ലായിരുന്നു. ഈ വിവരം കമ്മിഷനെ അറിയിക്കുകയും പിന്നീട് കമ്മിഷൻ അത് സ്വീകരിക്കുകയും ചെയ്തു. ആ തത്വം അംഗീകരിക്കുകയും ചെയ്തു. രണ്ടാമത്തേത് 6.3.1999-ൽ അതായത് കഴിഞ്ഞ മാർച്ചുമാസം പ്രൈമറി സ്ഥാപനങ്ങളിൽ നിന്ന് നിയമിക്കപ്പെടേണ്ടവർക്കുള്ള കുറഞ്ഞ സർവ്വീസ് നിശ്ചയിക്കണമെന്ന് കമ്മിഷൻ ഇങ്ങോട്ട് ആവശ്യപ്പെട്ടു. അത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. മൂന്നാമത്തേത് പ്രൈമറി സ്ഥാപനങ്ങളിൽനിന്ന് യോഗ്യതയുള്ളവരെ ലഭ്യമായില്ലായെങ്കിൽ ആ സ്ഥാനത്ത് ലിസ്റ്റിൽ നിന്നും നേരിട്ട് നിയമിക്കണമെന്ന് കമ്മിഷന്റെ നിർദ്ദേശമുണ്ടായിരുന്നു. അതും സർക്കാർ അംഗീകരിച്ചു. മറ്റു കാര്യങ്ങളിൽ സഹകരണ നിയമത്തിൽ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് നിയമനം നടത്തണമെന്ന് കമ്മിഷനോട് സഹകരണവകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടു. വേറെയൊന്നും സെക്രട്ടറി ആവശ്യപ്പെട്ടില്ല. ആ വ്യവസ്ഥ തുടരുന്നതാണ് അഭികാമ്യമെന്ന് പി.എസ്.സി.യെ അറിയിച്ചു. ഇക്കാര്യത്തിൽ പ്രത്യേകിച്ച് പ്രശ്നമുള്ളതായി ഗവൺമെന്റിനറിയില്ലായിരുന്നു. എന്നാൽ അടുത്തകാലത്ത് കമ്മ്യൂണൽ റൊട്ടേഷൻ പ്രകാരം നിയമനം നടത്താൻ കഴിയുമെന്ന അഭിപ്രായം കമ്മിഷൻ വച്ചു പുലർത്തുന്നതായി പത്രങ്ങളിൽ വാർത്തവന്നു. പക്ഷെ ഗവൺമെന്റിന്റെ മുന്നിലോ ഒഫിഷ്യലായിട്ടോ വന്നിട്ടില്ല. കമ്മ്യൂണൽ റൊട്ടേഷൻ വഴി നിയമനം നടത്തണമെന്ന് പത്രങ്ങളിൽ വാർത്ത വരികയും അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുകയും ചെയ്തിട്ടുണ്ട്. ഒരുകാര്യം ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്, ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ കമ്മ്യൂണൽ റിസർവേഷൻ നിലനിറുത്തിക്കൊണ്ട് നിയമനം നടത്തുക എന്നതിനോട് ഗവൺമെന്റിന് പൂർണ്ണമായും യോജിപ്പാണുള്ളത്. പൂർണ്ണമായും ഗവൺമെന്റ് അത് അംഗീകരിക്കുന്നു. പി.എസ്.സി.യിൽ നിന്ന് ഒഫിഷ്യലായി അതേപ്പറ്റി എന്തെങ്കിലും കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുന്നതായിരിക്കും. 1995 മുതൽ അതിന് പ്രാബല്യവുമുണ്ടായിരിക്കും. അതിനിടയിൽ മറ്റേതെങ്കിലും തരത്തിൽ കുറുക്കു വഴിയിലൂടെയോ, വളഞ്ഞ മാർഗ്ഗത്തിലൂടെയോ നിയമനം നടത്തുന്നതിനുള്ള അനുവാദം ഗവൺമെന്റ് ഒരിക്കലും നൽകുന്നതല്ല. പി.എസ്.സി.ക്ക് വിട്ടത് പി.എസ്.സി.ക്ക് വിട്ടതുതന്നെയെന്നുള്ള കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട അംഗം പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞതിന്റെ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. അതനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കും.

V. റിപ്പോർട്ട് സമർപ്പണം

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടു മുതൽ ഇരുപത്തിയൊന്നു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. രാജു : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 18 മുതൽ 21 വരെയുള്ള റിപ്പോർട്ടുകൾ സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാൽപ്പത്തിയഞ്ചും നാൽപ്പത്തിയാറും റിപ്പോർട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 45, 46 എന്നീ നമ്പർ റിപ്പോർട്ടുകൾ സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

VI. അറിയിപ്പ്

മി. സ്പീക്കർ : ഓർഡർ...ഓർഡർ... ബ്ലോക്ക് പഞ്ചായത്തുകളുടേയും ഗ്രാമപഞ്ചായത്തുകളുടേയും വാർഷിക പദ്ധതി രേഖകൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകേണ്ടത് ജൂൺ 30, ജൂലൈ 6 എന്നീ തീയതികൾക്ക് മുമ്പാണ്. അങ്ങനെയാണ് അതിന്റെ തീരുമാനം. ഇതിനായി ഡി.പി.സി. (ജില്ലാ ആസൂത്രണ സമിതി) തുടർച്ചയായി ഈ സമയങ്ങളിൽ യോഗം ചേരേണ്ടിവരും. നിയമസഭാംഗങ്ങൾ ഡി.പി.സി.യിൽ അംഗങ്ങളല്ല. പക്ഷേ ക്ഷണിതാക്കളാണ്. ഇവിടെ മുമ്പ് വന്ന പ്രശ്നം ആയതുകൊണ്ടും വീണ്ടും വരാവുന്നതായതുകൊണ്ടും പറയുകയാണ്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് അംഗങ്ങളെ അറിയിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇന്നലെ എനിക്ക് ഒരു കത്ത് നൽകി. ഈ വിഷയം ഞാൻ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ക്ഷണിതാക്കളെന്ന നിലയിൽ യോഗങ്ങളിൽ പങ്കെടുക്കാൻ ഇൻസിസ്റ്റ് ചെയ്താൽ അത് നടപ്പാക്കുവാൻ ബുദ്ധിമുട്ടുവരും. അതുകൊണ്ട് ആ രൂപത്തിൽ തീരുമാനിക്കണമെന്ന് പറഞ്ഞു. മറ്റു മാർഗ്ഗമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly